**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2786** **13-10-2021 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടി മണ്ഡലത്തിൽ സാമൂഹ്യവനവത്കരണം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | | **Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | 2020-21 സാമ്പത്തിക വർഷത്തിൽ കുറ്റ്യാടി മണ്ഡലത്തിൽ സാമൂഹ്യവനവത്കരണം പദ്ധതി എത്ര വിസ്തൃതിയിൽ നടപ്പിലാക്കിയിട്ടുണ്ടെന്ന് അറിയിക്കാമോ; | (എ) | സാമൂഹ്യവനവത്കരണ പദ്ധതി കുറ്റ്യാടി മണ്ഡലത്തിൽ വനം വകുപ്പ് നേരിട്ട് നടത്തിയിട്ടില്ല. സാമൂഹ്യവനവത്കരണ വിഭാഗം ഉൽപ്പാദിപ്പിച്ച തൈകൾ പഞ്ചായത്തുകൾ ഏറ്റുവാങ്ങി വെച്ചു പിടിപ്പിക്കുന്നുണ്ട്. ദേശീയപാതാ വികസനത്തിനായി മുറിച്ച മരങ്ങൾക്ക് പകരം മരങ്ങൾ വച്ചു പിടിപ്പിക്കുന്ന പ്രവൃത്തി കുറ്റ്യാടി മണ്ഡലത്തിനുകീഴിൽ കോട്ടപ്പള്ളി എന്ന സ്ഥലത്ത് കനാൽ പരിസരത്ത് നടത്തിയിട്ടുണ്ട്. ഇവിടെ 7328 തൈകൾ ഉദ്ദേശം 6 ഹെക്ടർ സ്ഥലത്ത് വച്ചു പിടിപ്പിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി ഏതൊക്കെ പ്രദേശങ്ങളിലാണ് നടപ്പിലാക്കിയതെന്ന് അറിയിക്കാമോ; | (ബി) | ബാധകമല്ല. |
| (സി) | ഈ മണ്ഡലത്തിൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്ന പ്രദേശങ്ങളുടെ വിവരങ്ങൾ ലഭ്യമാക്കാമോ? | (സി) | ഭാവിയിൽ തൈകൾ നട്ട് പിടിപ്പിയ്ക്കാനുള്ള സ്ഥലങ്ങൾ നിലവിൽ തീരുമാനിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ